4. പോലീസ് മർദ്ദനം

11.35 AM]

<u>ശ്രീ. കെ. കെ. നാരായണൻ</u> : സർ, കഴിഞ്ഞ ജനുവരി മാസം 27-ാം തീയതി ബി.ജെ.പി. നടത്തിയ ഹർത്താൽ ദിവസം പെരുളശ്ശേരി ചക്കരക്കല്ല് റോഡിലൂടെ നടന്നുപോകുകയായിരുന്ന എന്റെ മകനുൾപ്പെടെ രണ്ട് ചെറുപ്പക്കാരെ ചക്കരക്കല്ലിൽനിന്നും വന്ന പോലീസ് പാർട്ടി അകാരണമായി പിടിച്ച് മൃഗീയമായി മർദ്ദിക്കുന്ന സാഹചര്യമുണ്ടായി. ഒരു സംഭവത്തിലും പെട്ടവരല്ല അവർ. റോഡിലൂടെ സുഹൃത്തുക്കളെ കാണാൻ പോയവരെയാണ് പിടിച്ച് മൃഗീയമായി തല്ലിയത്. പോലീസ്, എസ്.ഐ., ഗ്രേഡ് എസ്.ഐ., കെ.എ.പി.-ക്കാർ എന്നിവർ മൂന്ന് വണ്ടികളിലാണ് വന്നത്. അവർ ചാടിയിറങ്ങി നടന്നുപോകുന്ന ചെറുപ്പക്കാരനെ കോളറിൽ പിടിച്ചു. എസ്.ഐ. കെ.എ.പി.-ക്കാർക്ക് തല്ലിക്കൊടുത്തു. അവർ വളഞ്ഞിട്ട് തല്ലി. താൻ എം.എൽ.എ.-യുടെ മകനാണെന്ന് ആ ചെറുപ്പക്കാരൻ പറഞ്ഞു. അക്കാരണത്താൽ ബൂട്ടിട്ട കാലുകൊണ്ട് എന്റെ മകനെ അവർ ചവിട്ടി. ചവിട്ടിയെന്ന് മാത്രമല്ല നിലത്തിട്ട് കല്ലുകൊണ്ട് ദേഹത്ത് കുത്തുകയും ചെയ്തു. കൂടെയുണ്ടായിരുന്ന ചെറുപ്പക്കാരൻ രാജേഷിനെ കാലിന്റെ ചെറുവിരൽ തൊട്ട് കൈവിരൽ അടക്കം അടിച്ചതിനാൽ ശരീരമാസകലം ബാന്റേജ് ഇടേണ്ടിവന്നു. ചക്കരക്കൽ പോലീസ് വളരെക്കാലമായി ആർ.എസ്.എസ്.-ന് കർസേവ ചെയ്യുകയാണ്. ആർ.എസ്.എസ്.-കാരുടെ ആജ്ഞ അനുസരിച്ചാണ് ഒരു തെറ്റും ചെയ്യാത്ത രണ്ട് ചെറുപ്പക്കാരെ ഇങ്ങനെ മർദ്ദിക്കാനുള്ള കാരണമെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അവിടെ കഴിഞ്ഞ കുറെ നാളുകളായി ഞങ്ങളുടെ നിരവധി ഓഫീസുകൾ തകർക്കുകയാണ്. അഞ്ചരക്കണ്ടിയിലെ പുറത്തേക്കാട് പാർട്ടി ഓഫീസ് രണ്ടുനില കെട്ടിടത്തിലേയും അഞ്ചരക്കണ്ടി നോർത്ത് ലോക്കൽ കമ്മിറ്റി ഓഫീസ് രണ്ടുനില കെട്ടിടത്തിലേയും അഞ്ചരക്കണ്ടി ഏരിയാ കമ്മിറ്റി ഓഫീസ് രണ്ടുനില കെട്ടിടത്തിലേയുമുൾപ്പെടെ അവിടത്തെ മുഴുവൻ ഉപകരണങ്ങളും തല്ലിതകർത്തു. നിലത്തു പാകിയ മാർബിളെല്ലാം വെട്ടിപ്പൊളിച്ചെടുത്തു. ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ വരുത്തിയിട്ടുണ്ട്. ചക്കരക്കല്ലിലെ വ്യാപാരിയായ ശ്രീ. പ്രേമന്റെ പുതിയ രണ്ടു നില വീട് ഇവർ ബോംബ് വച്ചുതകർത്തു. ആ വീടിന്റെ മുഴുവൻ വാതിലും ജനലും തകർന്നു. സീലിംഗ് അടർന്നുവീണ് സീലിംഗ് ഫാൻ താഴെ വീണു. ഗർഭിണിയായ സ്ത്രീക്ക് പരിക്കുപറ്റി. ഇങ്ങനെ നിരന്തരമായി ആർ.എസ്.എസ്. ശ്രമമുണ്ടാക്കിയിട്ട് ഒരു കേസിലെ പ്രതിയേയും പോലീസ് പിടിച്ചില്ല

LIBRARY ARCHIVES Kerala Legislative Assembly

ആർ.എസ്.എസ്.-ന് പൂർണ്ണമായും സംരക്ഷണം കൊടുക്കുന്ന, ആർ.എസ്.എസ്.-ന് കർസേവ ചെയ്യുന്ന ദാസ്യപ്പണിയാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ പോലീസ് ചക്കരക്കല്ലിൽ, എന്റെ മണ്ഡലത്തിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി തന്നെയാണ് എന്റെ മകൻ റോഡിലൂടെ നടന്നുപോകുമ്പോൾ ആക്രമിച്ചത്. രണ്ട് ചെറുപ്പക്കാരെയും രണ്ടിടത്തുവച്ചാണ് പിടിച്ചത്. പെരുളശ്ശേരി-ചക്കരക്കൽ റോഡിൽവച്ച് എന്റെ മകനേയും പെരുളശ്ശേരി-മുണ്ടിരിയ റോഡിൽവച്ച് രാജേഷിനേയും പിടിച്ചു. രാജേഷ് ചക്കരക്കൽ റോഡിൽ മുണ്ടിരിയ ഭാഗത്തേയ്ക്കും എന്റെ മകൻ പെരുളശ്ശേരിയിൽനിന്ന് ചക്കരക്കല്ല് ഭാഗത്തേയ്ക്കും നടന്നുപോവുകയായിരുന്നു. ഒരു സുഹൃത്തിന് കൊടുക്കാനുള്ള പണം കൊടുക്കാനാണ് അയാൾ നടന്നുപോകുന്നത്. ചീറിവന്ന പോലീസ് പാർട്ടി ചാടിയിറങ്ങി അകാരണമായി എന്റെ മകനെ പിടിച്ചുകൊണ്ടുപോയി തല്ലി. രാത്രി 7 മണിക്കാണ് ഞാൻ വിവരം അറിയുന്നത്. 6 മണിക്കാണ് സംഭവം. ഞാൻ സ്റ്റേഷനിൽ ചെല്ലുമ്പോൾ അടികൊണ്ട് രാജേഷ് കരഞ്ഞുകൊണ്ടിരിക്കുന്നു. എന്റെ മകൻ ഛർദ്ദിക്കുകയാണ്. ഞാൻ അവരെ ആശുപത്രിയിൽ കൊണ്ടുപോകണമെന്ന് ആവശ്യപ്പെട്ടെങ്കിലും പോലീസ് അതിന് തയ്യാറായില്ല. ഒന്നുകിൽ ആശുപത്രിയിൽ കൊണ്ടുപോകണം, അല്ലെങ്കിൽ ആശുപത്രിയിൽ കൊണ്ടുപോകാൻ ഞങ്ങൾക്ക് വിട്ടുതരണമെന്നാവശ്യപ്പെട്ട് ഞാനവിടെ കുത്തിയിരുന്നു. വിവരമറിഞ്ഞ് രാത്രി 11.30-നാണ് കണ്ണൂർ ഡിവൈ.എസ്.പി. സ്ഥലത്തു വന്നത്. അദ്ദേഹം വന്നതിനുശേഷം മാത്രമാണ് ആശുപത്രിയിൽ കൊണ്ടുപോകുന്നതിന് ഈ ചെറുപ്പക്കാരെ ഞങ്ങൾക്ക് വിട്ടുതന്നത്. ഇങ്ങനെ ക്രൂരമായി മർദ്ദിച്ച്, പരിക്കേൽപ്പിച്ച് ആശുപത്രിയിൽ കൊണ്ടുപോകാൻകൂടി സന്നദ്ധത കാണിക്കാതെ യജമാന പ്രീതിക്കുവേണ്ടി ചക്കരക്കല്ല് പോലീസ് നടത്തിയ നരനായാട്ടാണ് അവിടെ കണ്ടത്. ആർ.എസ്.എസ്.-കാരെ പിടിക്കില്ല. അവർ ക്രൂരമായകാര്യങ്ങൾ ചെയ്താൽപോലും പെറ്റി കേസെടുത്ത് അവരെ സന്തോഷിപ്പിക്കും. ഈ പറഞ്ഞ സംഭവത്തിൽ ഒരാളെപ്പോലും ചക്കരക്കല്ല് പോലീസ് പിടിച്ചില്ല. അങ്ങനെ പോലീസ് സേനയ്ക്കുതന്നെ അപമാനമായി നാണക്കേട് വരുത്തിവച്ചിരിക്കുന്ന പോലീസാണ് ഇങ്ങനെ നിരപരാധികളായ ചെറുപ്പക്കാരെ തല്ലി അവശരാക്കിയത്. ഇതുസംബന്ധിച്ച് ആഭ്യന്തര വകുപ്പുമന്ത്രി പറയുന്ന പോലീസ് ഭാഷ്യം എനിക്ക് കേൾക്കണമെന്നില്ല. ഞാൻ ദൃക്സാക്ഷിയും അനുഭവിച്ചതുമായ കേസാണിത്. ഈ വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടി മാത്രമാണ് ഞാനിതിവിടെ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

11.37 AM]

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, (ഞാൻ മറുപടി പറയണ്ട എന്നാണ് അദ്ദേഹം പറഞ്ഞത്.) .....ബഹളം.....ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് ബി.ജെ.പി. പ്രവർത്തകർ ഹർത്താൽ ആഹ്വാനം ചെയ്ത 27-1-2015-ന് വെളുപ്പിന് 7 മണിയോടെ ചക്കരക്കൽ പോലീസ് സ്റ്റേഷൻ പരിധിയിലെ ഐവർകുളം വിഷ്ണു ക്ഷേത്രത്തിന്റെ ആശ്രമത്തിൽവച്ച് ബി.ജെ.പി. പ്രവർത്തകനായ വിപിനെ ഡി.വൈ.എഫ്.ഐ. എടയ്ലാട് ബ്ലോക്ക് പ്രസിഡന്റും ശ്രീ. കെ. കെ. നാരായണൻ എം.എൽ.എ.-യുടെ മകനുമായ സുരേഷ്, രാജേഷ് തുടങ്ങി 50-ാളം പ്രവർത്തകർ ചേർന്ന് ഇരുമ്പ്, പൈപ്പ് തുടങ്ങിയ ആയുധങ്ങളുമായി ദേഹോദ്രപം ഏൽപ്പിക്കുകയും ടിയാളുടെ മോട്ടോർ സൈക്കിൾ കേട് വരുത്തുകയും ചെയ്തു. ഐവർകുളത്ത് ബി.ജെ.പി., സി.പി.എം. പ്രവർത്തകർ തമ്മിൽ സംഘട്ടനം നടക്കുന്നതായി വിവരം അറിഞ്ഞപ്പോൾത്തന്നെ ചക്കരക്കൽ പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസ് പാർട്ടി സ്ഥലത്തെത്തിയപ്പോൾ കൂട്ടംകൂടി നിന്നവർ ഓടിപ്പോകാൻ ശ്രമിച്ചു. കൂട്ടത്തിൽനിന്ന് സുനീഷ്, രാജേഷ് എന്നിവരെ പിടികൂടി ചോദ്യം ചെയ്തപ്പോൾ അവ്യക്തവും പരസ്പരവിരുദ്ധവുമായ മറുപടിയാണ് പറഞ്ഞത്. ഇവർ ഏതോ കുറ്റകൃത്യത്തിന് തയ്യാറെടുക്കുകയാണെന്ന് പോലീസിന് ഉത്തമ ബോധ്യം ലഭിച്ചതിൽ ഇരുവരേയും നിയമാനുസൃതം അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ കൊണ്ടുപോയി സി.ആർ.പി.സി. 151 പ്രകാരം, ക്രൈം 89/2015 ആയി കേസ് രജിസ്റ്റർ ചെയ്ത് സ്റ്റേഷനിൽ സൂക്ഷിച്ചു. ഇതിൽ പ്രതിഷേധിച്ച് 10.15 മണിയോടെ ധർമ്മടം എം.എൽ.എ. ശ്രീ. കെ. കെ. നാരായണൻ മറ്റ് സി.പി.എം. നേതാക്കളായ പി. ജയരാജൻ, എം.വി. ജയരാജൻ, കെ.കെ. രാഗേഷ് എന്നിവരുടെ നേതൃത്വത്തിൽ 200-ാളം സി.പി.എം. പ്രവർത്തകർ സംഘടിച്ച് ചക്കരക്കൽ പോലീസ് സ്റ്റേഷനിൽവന്ന് കത്തിയിരുന്ന് മുദ്രാവാക്യം വിളിക്കുകയും ഇവരിൽ ചിലർ സബ് ഇൻസ്പെക്ടറെ ദേഹോദ്രപം ഏൽപ്പിക്കുകയും ചെയ്തു. തുടർന്ന് അക്രമാസക്തരായി പോലീസ് സ്റ്റേഷൻ കോംപൗണ്ടിൽനിന്ന കൊടിമരത്തിനും പോലീസ് ജീപ്പിനും ഡി.വൈ.എഫ്.ഐ.-യുടെ കൊടിനാട്ടി, സർക്കാർ വാഹനങ്ങളായ രണ്ട് ബൈക്കിനും ഒരു ക്വാളിസ് കാറിനും കേട് വരുത്തുകയും ചെടിച്ചട്ടികൾ തകർക്കുകയും ചെയ്തു. അക്രമത്തിൽ പൊതുമുതലിന് 2 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. വിവരം അറിഞ്ഞ് കണ്ണൂർ ഡിവൈ.എസ്.പി. സ്ഥലത്തെത്തി

LIBRARY ARCHIVES Kerala Legislative Assembly

നേതാക്കളുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻകരുതലായി അറസ്റ്റ് ചെയ്ത സുനീഷിനേയും രാജേഷിനേയും വിട്ടയക്കുകയുണ്ടായി. ഐവർകളത്തുവച്ച് വിപിനെ ദേഹോദ്രവം ഏൽപ്പിച്ചതിന് സുനീഷ്, രാജേഷ് തുടങ്ങി 50-ാളം ഡി.വൈ.എഫ്.ഐ. പ്രവർത്തകരെ പ്രതികളാക്കി ഐ.പി.സി. 143, 147, 148, 341, 323, 324, 506 (2), 318, 149 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 91/2015 ആയും പോലീസ് സ്റ്റേഷനിൽ അക്രമം കാണിച്ചതിന് ശ്രീ. കെ.കെ. നാരായണൻ, സർവ്വശ്രീ പി. ജയരാജൻ, എം. വി. ജയരാജൻ, കെ.കെ. രാഗേഷ് ഉൾപ്പെടെ കണ്ടാലറിയാവുന്ന 200-ാളം പ്രവർത്തകരെ പ്രതികളാക്കി ഐ.പി.സി. 143, 147, 452, 353, 332, 506 , 149 പി.ഡി.പി.പി. ആക്ട് 53 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 90/2015 ആയി കേസുകൾ രജിസ്റ്റർ ചെയ്ത് യഥാക്രമം ചക്കരക്കൽ പോലീസ് സബ് ഇൻസ്പെക്ടറും കണ്ണൂർ സിറ്റി പോലീസ് സബ് ഇൻസ്പെക്ടറും അന്വേഷിച്ചുവരികയാണ്. പോലീസ് സ്റ്റേഷനിൽ അക്രമം നടത്തിയതിന് രതീഷ്, സജീഷ്, രാജേഷ്, വിനയൻ, സംയോജൻ, രഞ്ജിത്ത് എന്നീ പ്രതികളെ അറസ്റ്റ് ചെയ്ത് കോടതി മുൻപാകെ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്. മറ്റ് പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനായി ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നു. .....(ബഹളം)..... ഇതിനകത്ത് എം.എൽ.എ.-യുടെ മകനെ പോലീസ് മർദ്ദിച്ചിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കും, അക്കാര്യത്തിൽ സംശയമൊന്നുമില്ല. കണ്ണൂരിൽ ബി.ജെ.പി., സി.പി.എം. സംഘർഷങ്ങൾക്ക് അയവുവരുത്തുവാൻവേണ്ടി ജില്ലാതലത്തിൽ ജില്ലാ കളക്ടറോട് ഞാൻ തന്നെ ആവശ്യപ്പെട്ട് ഒരു യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ആ യോഗത്തിനുശേഷം അവിടെ ശാന്തത കൈവന്നിട്ടുണ്ട്. വളരെ ഉത്തരവാദിത്വപരമായി സി.പി.എം.-ന്റേയും ബി.ജെ.പി.-യുടേയും നേതാക്കൾ ആ യോഗത്തിൽ പങ്കെടുത്തു. ശ്രീ. കെ.പി. മോഹനനും ആ യോഗത്തിൽ പങ്കെടുത്തതാണ്, സർവ്വകക്ഷി യോഗത്തിൽവച്ച് നല്ല തീരുമാനമെടുത്തിട്ടുണ്ട്. അവിടെ സമാധാനാന്തരീക്ഷം നിലനിർത്താൻ എല്ലാപേരും സഹായിക്കാമെന്നും സഹകരിക്കാമെന്നും ജില്ലാ തലംകൂടം ഉറപ്പ് നൽകിയിട്ടുണ്ട്. വേണ്ടി വന്നാൽ വിവിധ കക്ഷികൾ തമ്മിൽ ഉഭയകക്ഷി ചർച്ചവരെ നടത്താമെന്ന് സി.പി.എം., ബി.ജെ.പി. നേതാക്കൾ സമ്മതിച്ചിട്ടുള്ളകാര്യമാണ്. തീർച്ചയായും ശ്രീ. കെ. കെ. നാരായണന്റെ മകന് പോലീസ് മർദ്ദനം ഉണ്ടായിട്ടുണ്ടെങ്കിൽ ഞാനതിനെ ഗൗരവമായിട്ടുതന്നെ എടുക്കുന്നു. .....ബഹളം.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. നാരായണൻ : സർ, എന്റെ മകൻ വാങ്ങിയ കാശ് തിരിച്ചു കൊടുക്കുവാൻ പോകുകയായിരുന്നു, അപ്പോഴാണ് പോലീസ് വന്നത്, അക്രമത്തിൽ പങ്കെടുത്തയാളാണെങ്കിൽ ഓടി രക്ഷപ്പെടുകയില്ലേ ? പോലീസിനെ കണ്ടിട്ട് അവിടെ നിൽക്കുകയാണ് ചെയ്തത്. പോലീസ് എഴുതിത്തന്ന കള്ള റിപ്പോർട്ടാണ് അങ്ങ് വായിച്ചത്. നിങ്ങളെനിക്ക് ഒരു സൗജന്യവും ചെയ്യ തരേണ്ട. ഞാൻ കോടതിയെ സമീപിച്ചിട്ടുണ്ട്, ഏത് ഭാഗത്താണ് നീതിയെന്ന് നമുക്ക് നോക്കാം.

ശ്രീ. രമേശ് ചെന്നിത്തല : സർ, ശ്രീ. കെ. കെ. നാരായണൻ ഒരു എം.എൽ.എ. ആണ്, ജനപ്രതിനിധിയാണ്, അങ്ങ് ഉത്തരവാദിത്വബോധത്തോടെ സഭയിൽ പറഞ്ഞകാര്യം ഗവൺമെന്റ് വളരെ ഗൗരവമായി എടുക്കുന്നു. ഇക്കാര്യത്തെപ്പറ്റി കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിനോട് ഞാൻ അന്വേഷിക്കാൻ പറയാം. അകാരണമായി അങ്ങയുടെ മകനെ പോലീസ് പിടിച്ചുകൊണ്ടുപോയി മർദ്ദിച്ചിട്ടുണ്ടെങ്കിൽ, തീർച്ചയായിട്ടും അങ്ങ് പറഞ്ഞകാര്യം വളരെ ഉത്തരവാദിത്വത്തോടുകൂടി ഗൗരവമായി എടുക്കുന്നു. അതിനെക്കുറിച്ച് അന്വേഷിക്കാം, അങ്ങ് പറഞ്ഞകാര്യം ശരിയാണെങ്കിൽ ബന്ധപ്പെട്ട കുറ്റക്കാരുടെ പേരിൽ നടപടിയെടുക്കാം.

5. പ്രധാനാദ്ധ്യാപികയുടെ മരണം

11.38 AM]

ശ്രീ. എസ്. രാജേന്ദ്രൻ : സർ, ദേവികുളം മണ്ഡലത്തിലെ കഞ്ഞിത്തണ്ണി ഗവൺമെന്റ് ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപിക പുഷ്പലത ഇന്നലെ മരണപ്പെട്ടു. ഇവർ മരണപ്പെടാനിടയായ സാഹചര്യവുമായി ബന്ധപ്പെട്ട് ദുരൂഹതയുണ്ട്. ഡി.ഡി.ഇ. ഓഫീസിൽ നിന്നും ശശിധരൻ എന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റും ശ്രീ. ഇസ്മായിൽ എന്ന സീനിയർ സൂപ്രണ്ടും കാഷ്വൽ ലീവിൽ പോകുകയും ഇവർ രണ്ടുപേരും ആ സ്കൂളിൽ ചെല്ലുകയും അവിടെ അവധിയിൽ പ്രവേശിച്ചിരുന്ന മറ്റൊരു ക്ലർക്കിനെ സംബന്ധിച്ചുള്ള റിപ്പോർട്ട് ടീച്ചറോട് നിർബന്ധിച്ച് ആവശ്യപ്പെടുകയും ചെയ്തു. റിപ്പോർട്ട് കൊടുക്കാൻ പറ്റില്ലെന്ന് പറഞ്ഞപ്പോൾ ടീച്ചറെ സസ്പെൻഡ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമെന്നും മക്കളെല്ലാം തെരുവിലാകുമെന്നും വളരെ ഗുരുതരമായ തെറ്റാണ് ചെയ്തതെന്നുള്ള നിലയിൽ ഭീഷണിപ്പെടുത്തുകയും ചെയ്തു. ആ അവസരത്തിൽ അവർ ബോധംകെട്ട് വീഴുകയും ആശുപത്രിയിൽ കൊണ്ടുപോകുകയും ചെയ്തു. പിറ്റേദിവസം അവരുടെ സഹോദരൻ വെള്ളത്തൂവൽ പോലീസ് സ്റ്റേഷനിൽ പെറ്റീഷൻ കൊടുത്തിട്ടുണ്ട്. രണ്ട് ഉയർന്ന